# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1942** **17.12.2012-ൽ മറുപടിയ്ക്ക്**

## പാട്ടക്കരാർ ലംഘിച്ച തോട്ടങ്ങളിലെ മരം മുറിക്കൽ തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീമതി ഇ.എസ്. ബിജിമോൾ<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. കെ.ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പാട്ടക്കരാർ ലംഘിച്ച തോട്ടങ്ങൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) പാലക്കാട് സർക്കിളിൽ പാട്ടക്കരാർ ലംഘനം നടത്തിയ മീര ഫ്ളോർസ് എസ്റ്റേറ്റ് (5 ബിറ്റുകൾ) ഈ സർക്കാർ അധികാരമേറ്റശേഷം (27.06.2011)-ന് ഏറ്റെടുത്തു. കൂടാതെ പാട്ടക്കരാർ ലംഘനം നടത്തിയ ചെറുനെല്ലി, രാജാക്കാട്, മോങ്ക്‌വുഡ് എന്നീ എസ്റ്റേറ്റുകളുടെ പാട്ടക്കരാർ സർക്കാർ റദ്ദു ചെയ്തിട്ടുണ്ടെങ്കിലും കോടതി സ്റ്റേ ഉള്ളതിനാൽ സർക്കാരിലേക്ക് തിരികെ ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. ടി എസ്റ്റേറ്റുകളുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നടന്നുവരുന്ന കേസ്സുകളിൽ സമയബന്ധിതമായി സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. കേസ്സ് 14.01.2013-ന് ബഹു. ഹൈക്കോടതിയുടെ ഡിവിഷണൽ ബെഞ്ച് പരിഗണിക്കുന്നുണ്ട്. പാട്ടക്കരാർ ലംഘനം നടത്തിയതായി കണ്ടെത്തിയ കാരപ്പാറ (എ), കാരപ്പാറ (ബി), അലക്സാൻഡ്രിയ (എ) & (ബി), ബ്രൂക്ക്‌ലാൻഡ്, ചന്ദ്രാമല എന്നീ എസ്റ്റേറ്റുകളുടെ പാട്ടം റദ്ദു ചെയ്യുന്നതിന് മുന്നോടിയായി തോട്ടങ്ങളുടെ ഉടമകൾക്ക് നൽകുന്നതിനുള്ള കാരണം കാണിക്കൽ നോട്ടീസ് തയ്യാറായിട്ടുണ്ട്.<br><br>കണ്ണൂർ സർക്കിളിൽ കാസർഗോഡ് ഡിവിഷനിൽ കാലാവധി പൂർത്തിയാക്കിയതും പുതുക്കാത്തതുമായ 10.90 ഏക്കർ വനഭൂമി തിരികെ ഏറ്റെടുത്തിട്ടുണ്ട്. പാട്ടക്കാലാവധി കഴിഞ്ഞ, മറ്റു സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് അനുവദിച്ച, വനഭൂമി തിരികെ ഏൽപ്പിക്കുന്നതിന് നോട്ടീസ് നൽകുകയും ചെയ്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത കേസ്സുകൾ കോടതിയുടെ പരിഗണനയിലാണ്. |

.......................2)

(ബി) പാട്ടക്കരാർ ലംഘിച്ച എത്ര തോട്ടങ്ങൾക്ക് വനം വകുപ്പ് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; അവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) നെന്മാറ ഡിവിഷനിൽ പാട്ടക്കരാർ ലംഘനം നടത്തിയ ചെറുനെല്ലി, രാജാക്കാട്, മോങ്ക്‌വുഡ് എന്നീ എസ്റ്റേറ്റുകളുടെ കൈവശക്കാർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

ചാലക്കുടി ഡിവിഷനിൽ പാട്ടക്കരാർ ലംഘിച്ച മെസേഴ്സ് ഹാരിസൺസ് മലയാളം ലിമിറ്റഡിന് നോട്ടീസ് നൽകിയിട്ടുണ്ട്.

(സി) ഇത്തരം തോട്ടങ്ങളിൽ വ്യാപകമായി മരം മുറിക്കൽ നടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

(സി) ചെറുനെല്ലി ലോവർ എസ്റ്റേറ്റിൽ അനധികൃത മരംമുറി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി എസ്റ്റേറ്റിന്റെ പാട്ടം സർക്കാർ റദ്ദു ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ